"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം-തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 29.10.2021 ൽ മരണപ്പെട്ട ലളിത.പി.ജി യുടെ ഭർത്താവ് ശ്രീ. ശിവശങ്കരൻ പി.വി ക്ക് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2068/2025/LSGD തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:-
1. സ.ഉ(പി) നം.126/2016/ധന, തീയതി 31.08.2016.
2. ശ്രീ. ശിവശങ്കരൻ പി.വി യുടെ 23.12.2022 ലെ അപേക്ഷ.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.02.2025ലെ LSGD/PD/11245/2023-PENB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 29.10.2021 ൽ മരണപ്പെട്ട ലളിത.പി.ജി യുടെ ഭർത്താവ് ശ്രീ. ശിവശങ്കരൻ പി.വി, ടിയാന് ക്ക് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്ത് ലഭ്യമാക്കുകയുണ്ടായി.

2. 01.08.2019 ൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ലളിത. പി.ജി ക്ക് 11.10.2021 ൽ ഫുൾ ടൈം സ്വീപ്പറായി പ്രൊമോഷൻ ലഭിക്കുകയും 29.10.2021 ൽ മരണപ്പെടുകയും ചെയ്തതിനാൽ എൻ.പി.എസ് ബാധകമായ ടിയാൾക്ക് മേൽ കാലയളവിനുള്ളിൽ എൻ.പി.എസ് അംഗത്വം എടുക്കാൻ കഴിഞ്ഞിരുന്നില്ല എന്നും 01.08.2019 ൽ സേവനത്തിൽ പ്രവേശിച്ച ടിയാൾക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനോ എൻ.പി.എസ് പദ്ധതിയോ ബാധകമല്ല എന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ എൻ.പി.എസ് പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനുള്ള സമയപരിധി അവസാനിക്കുന്നതിന് മുൻപ് 29.10.2021-ൽ മരണപ്പെട്ട ലളിത പി.ജി എൻ.പി.എസ് അംഗത്വം എടുത്തത് പോലെ കണക്കാക്കി പ്രത്യേക കേസായി പരിഗണിച്ച് പരേതയുടെ അവകാശികൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നത് വരെ 31.08.2016 ലെ സ.ഉ(പി) നം.126/2016/ധന പ്രകാരമുള്ള ആശ്വാസ ധനസഹായം ഭർത്താവ് ശ്രീ. ശിവശങ്കരൻ പി.വി ക്ക് അനുവദിക്കുന്നതിന് അനുമതി

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, അടാട്ട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.ശിവശങ്കരൻ പി വി, പള്ളത്ത് വീട്, കുറ്റൂർ പി ഓ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ്(ഡെന 3/98/2025-FIN, തീയതി 05.07.2025 നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(9/ഇപിഎ2/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 20-08-2025 18:51:30